# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നംപർ: 1880

12/02/2013 – ൽ മറുപടിയ്ക്ക്

## ശ്രീലങ്കൻ ജയിലിൽ കഴിയുന്ന മലയാളികളുടെ മോചനത്തിനുള്ള നടപടി

ചോദ്യം
ശ്രീ. കെ.വി അബ്ദുൾ ഖാദർ

മറുപടി
ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| (എ) ശ്രീലങ്കൻ ജയിലിൽ കഴിഞ്ഞ 18 വർഷമായി കഴിയുന്ന മലയാളികളുടെ മോചനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ ; | (എ) ശ്രീലങ്കയിൽ തടവിൽ കഴിഞ്ഞുവരുന്ന കേരളീയരായ തടവുകാരുടെ കേരളത്തിലെ മേൽവിലാസത്തിൽ അന്വേഷണം നടത്തുകയും ഇന്ത്യൻ പൗരന്മാരാണെന്ന് ഉറപ്പുവരുത്തിയശേഷം ടി തടവുകാരെ കേരളത്തിലെ ജയിലുകളിലേയ്ക്ക് മാറ്റി പാർപ്പിക്കുവാൻ ഇന്ത്യാ ഗവൺമെന്റിനെ സമ്മതം അറിയിക്കുകയും ടി തടവുകാരെ കേരളത്തിലെത്തിക്കുന്നതിന് ഡി. ഐ. ജി. (പ്രിസൺ) ഉൾപ്പെടെ ആറ് ജയിൽ ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (ബി) മുഖ്യമന്ത്രി വിളിച്ചുചേർത്ത എം. പി മാരുടെ യോഗത്തിൽ ഈ വിഷയം ഉന്നയിക്കപ്പെട്ടിരുന്നോ ; | (ബി) യും (സി) യും (ഡി) യും ഉന്നയിച്ചിരുന്നു. |
| (സി) എങ്കിൽ മുഖ്യമന്ത്രി അതിന് നൽകിയ മറുപടി എന്തായിരുന്നു ; | ശ്രീലങ്കൻ ജയിലുകളിൽ കഴിയുന്ന 6 മലയാളികളായ തടവുകാരെ കേരളത്തിലെ ജയിലിലേയ്ക്ക് മാറ്റുന്നതിനായി സർക്കാർ ഉത്തരവ് (സാധാ.) നം. 167/2013/ആഭ്യന്തരം തീയതി 22.01.2013 പ്രകാരം ജയിൽ ആസ്ഥാന കാര്യാലയം ഡി.ഐ.ജി. ഉൾപ്പെടെ 6 ജയിലുദ്യോഗസ്ഥരെ നിയോഗിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. എന്നാൽ ടി തടവുകാരെ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് ശ്രീലങ്കൻ ആഭ്യന്തര മന്ത്രാലയത്തിന്റെ അന്തിമ അനുമതി ലഭിച്ചിട്ടില്ല. |
| (ഡി) ഈ യോഗശേഷം ഈ വിഷയത്തിൽ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികളെന്തൊക്കെയെന്നും ഓരോന്നും ഏത് തീയതികളിൽ എന്നും വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ